**ഡോ. സയ്യിദ് മുഹമ്മദ് മുഹ്സിൻ ഹുദവി** ● 1990 ൽ മലപ്പുറം ജില്ലയിലെ പുത്തനത്താണിക്കടുത്ത് കുറുമ്പത്തൂരിൽ ജനനം. പിതാവ്: സയ്യിദ് അലവി കോയ തങ്ങൾ. മാതാവ്: സയ്യിദ ഫാത്വിമ സുഹ്റ. ഭാര്യ: സയ്യിദ ആതിക. മക്കൾ: സയ്യിദ് അബാൻ അഹ്മദ്, സയ്യിദത് ലയാൻ. നിലവിൽ ഇന്റർനാഷണൽ ഇസ്‌ലാമിക് യൂണിവേഴ്സിറ്റി മലേഷ്യ(ഐ.ഐ.യു.എം)യിൽ ഡിപ്പാർട്മെന്റ് ഓഫ് ഫിഖ്ഹ് ആന്റ് ഉസൂലുൽ ഫിഖ്ഹിൽ അസി. പ്രൊഫസറായി സേവനം ചെയ്യുന്നു. 2015 ൽ ഐ.ഐ.യു.എം ൽനിന്ന് ഇസ്‌ലാമിക കർമശാസ്ത്രത്തിൽ മാസ്റ്റേഴ്സും 2019 ൽ ഡോക്ടറേറ്റും നേടി. 2012 ൽ ദാറുൽഹുദാ ഇസ്‌ലാമിക് യൂനിവേഴ്സിറ്റിയിൽനിന്ന് ഹുദവി ബിരുദം. കാലിക്കറ്റ് യൂനിവേഴ്സിറ്റിയിൽനിന്ന് സോഷ്യോളജിയിൽ ഡിഗ്രി. 2016 ൽ മർഹൂം സയ്യിദ് പൂക്കോയ തങ്ങൾ എക്സലൻസി അവാർഡ്, 2017 ൽ ഐ.ഐ.യു.എം റെക്ടർ സ്കോളർഷിപ്പ്, 2019 ൽ ഐ.ഐ.യു.എമ്മിൽനിന്ന് ബെസ്റ്റ് സ്റ്റുഡന്റ് അവാർഡ്. മറ്റു പുസ്തകങ്ങൾ: Medical Contract: Sharīʿah Rulings on Medical Consent(വിവർത്തനം), Knowledge and Civilization: An Islamic Perspective.

വിലാസം: മഹ്ബൂബ മഹൽ, കുറുമ്പത്തൂർ, 676301. ഇമെയിൽ: sayedmuhsinvt@gmail.com

അറിവിന്റെ വഴിയിൽ
സ്നേഹമായും ഊർജമായും
ജ്വലിച്ചു നിൽക്കുന്ന
ഉമ്മ സയ്യിദ ഫാത്വിമ സുഹ്റക്കും
ഉപ്പ സയ്യിദ് അലവി കോയ തങ്ങൾക്കും

# ഫത്‌വ:

## സമസ്തയുടെ രീതിശാസ്ത്രം

ഡോ. സയ്യിദ് മുഹമ്മദ് മുഹ്സിൻ ഹുദവി

BOOK PLUS

Fathwa: Samasthayude Reethishasthram
English Title-
Fatwa: Methodology of Samastha
Dr. Sayyed Mohamed Muhsin Hudawi
First Edition
2017
Book Plus Edition
April 2021
Copies: 1000
ISBN: 978-81-951269-5-8
Price Rs: 160/-

Right reserved

Hidaya Nagar, Chemmad, Tirurangadi P.O
Malappuram, Kerala, India
Tel: 0494 24381, +91 952 11 33
info@bookplus.co.in
www.bookplus.co.in

BOOK PLUS

No part of this work may be reproduced or utilized in any form or by any means without the prior written permission of the publisher.

# പ്രസാധകക്കുറിപ്പ്

സമൂഹത്തിലേക്ക് തിരിച്ചുപിടിച്ച കണ്ണാടികളാണ് ഫത്‌വകൾ. കേവലം മതവിധികൾ എന്നതിലുപരി ഓരോ കാലത്തെയും മുസ്‌ലിം ജീവിതരീതി, സംസ്കാരം, വിജ്ഞാനം, സമൂഹത്തെയും വ്യക്തികളെയും അലട്ടുന്ന പ്രശ്നങ്ങൾ മുതലായവ മനസ്സിലാക്കാൻ ഒരുപരിധിവരെ അവ സഹായിക്കും. നിലവിൽ വിവിധ സർവകലാശാലകളിൽ ഫത്‌വയെക്കുറിച്ച് പലതരത്തിലുള്ള പഠനങ്ങൾ നടക്കാൻ കാരണവും അതുതന്നെ.

പ്രമുഖ പണ്ഡിതന്മാരിൽ പലരുടെയും ഫത്‌വകൾ ക്രോഡീകരിച്ച ഗ്രന്ഥങ്ങൾ വ്യത്യസ്ത ഭാഷകളിൽ ലഭ്യമാണ്. ആവശ്യാനുസരണം മുഫ്തി കൊടുത്ത മതവിധികൾ അങ്ങനെത്തന്നെ രേഖപ്പെടുത്തുന്നതാണ് പൊതുവായ രീതി. വിഷയാധിഷ്ഠിതമായി ക്രോഡീകരിച്ചവയും അല്ലാത്തവയും കൂട്ടത്തിലുണ്ട്. എന്നാൽ, ഫത്‌വകൾ വിശദമായി പഠിച്ചും അവയുടെ സാമൂഹ്യശാസ്ത്ര പരിസരവും സ്വാധീനവും ഇടപെടലിന്റെ ആഴവും വിശകലനം ചെയ്തും അക്കാദമിക ഭാവം പകർന്ന ഗ്രന്ഥങ്ങൾ നന്നേ കുറവാണ്, വിശിഷ്യാ മലയാളത്തിൽ. ആ വിടവിലേക്കാണ് ഈ ലഘുകൃതി കയറിനിൽക്കുന്നത്. ദാറുൽഹുദാ ഡിപാർട്മെന്റ് ഓഫ് ഫിഖ്ഹ് ആന്റ് ഉസൂലുൽ ഫിഖ്ഹ് 2017 ൽ പ്രസിദ്ധീകരിച്ച സമസ്തയുടെ ഫത്‌വകൾ: നേരിന്റെ ദിശാസൂചികൾ എന്ന പുസ്തകത്തിന്റെ പരിഷ്കരിച്ച രണ്ടാം പതിപ്പാണിത്.

സമസ്തയുടെ ഫത്‌വാ കമ്മിറ്റികളിലേക്ക് വന്ന 168 ചോദ്യങ്ങളും അവയുടെ സ്വഭാവങ്ങളും അപഗ്രഥിക്കുന്ന ഈ പഠനം, മലേഷ്യയിലെ ഇന്റർനാഷണൽ ഇസ്‌ലാമിക് യൂണിവേഴ്സിറ്റിയിൽ മാസ്റ്റേഴ്സ് തിസീസിനായി ഗ്രന്ഥകാരൻ തയ്യാറാക്കിയത് ചില പരിഷ്കാരങ്ങളോടെ മൊഴിമാറ്റിയതാണ്. ഫിജിയിലെ മതകാര്യ ഉപദേഷ്ടാവും ഐ.ഐ.യു.എമ്മിലെ അസി. പ്രൊഫസറുമായ ഡോ. മുഹമ്മദ് ഫരീദ് അലിയുടെ അവതാരികയാണ് രണ്ടാം പതിപ്പിന്റെ ഏറ്റവും വലിയ സവിശേഷത. ഈ പുസ്തകത്തിന്റെ പ്രസക്തിയും സവിശേഷതയും അടിവരയിടുന്ന എഴുത്താണത്. ഡോ. മുഹമ്മദ് ഫരീദ് അലിക്കും അവതാരിക മലയാളത്തിലേക്ക് മൊഴിമാറ്റിയ റശീദ് ഹുദവി ഏലംകുളത്തിനും ആദ്യ പതിപ്പിന്റെ അവതാരിക എഴുതിയ ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വിക്കും നന്ദി രേഖപ്പെടുത്തുന്നു. ഈ പതിപ്പ് ബുക്പ്ലസ് പുറത്തിറക്കണമെന്ന് അതിയായി ആഗ്രഹിച്ച ഗ്രന്ഥകാരൻ ഡോ. മുഹ്സിൻ ഹുദവിയോട് കടപ്പാട് അറിയിച്ച് പുസ്തകം വായനക്കാർക്ക് സമർപ്പിക്കുന്നു.

**എഡിറ്റർ, ബുക്പ്ലസ്**

# ഉള്ളടക്കം

കടപ്പാട്
അവതാരിക (രണ്ടാം പതിപ്പ്)
അവതാരിക (ഒന്നാം പതിപ്പ്)
മുഖക്കുറിപ്പ്

1/ഒന്ന് ............................... 25
**മുസ്‌ലിം അസ്തിത്വ നിർമാണവും സമസ്തയുടെ സാരഥ്യവും**

2/രണ്ട് ............................... 45
**സമസ്ത ഫത്‌വാ കമ്മിറ്റി: ഉത്ഭവം, വികാസം, നിലപാട്**

3/മൂന്ന് ............................... 67
**സമസ്ത: ഫത്‌വയുടെ രീതിശാസ്ത്രം**

4/നാല് ............................... 105
**വൈവാഹിക മേഖലയിലെ ഫത്‌വകൾ: അവലോകനം**

5/അഞ്ച് ............................... 127
**ത്വലാഖുമായി ബന്ധപ്പെട്ട ഫത്‌വകൾ: അവലോകനം**

**പ്രധാന അവലംബങ്ങൾ**

# കടപ്പാട്

പരമ കാരുണ്യവാനായ അല്ലാഹുവിന്റെ നാമത്തിൽ. തിരുനബി(സ്വ) യുടെയും കുടുംബത്തിന്റെയും മേൽ അവന്റെ രക്ഷയും അനുഗ്രഹവും സദാ വർഷിക്കട്ടെ.

മലേഷ്യയിലെ ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ മാസ്റ്റേഴ്സ് തിസീസിനായി തയ്യാറാക്കിയ ഗവേഷണ പഠനം ചില പരിഷ്കരണങ്ങളോടെ മൊഴിമാറ്റം നടത്തിയതിന്റെ രണ്ടാം പതിപ്പാണ് നിങ്ങളുടെ കൈകളിൽ. അല്ലാഹുവിന്റെ നിസ്സീമമായ അനുഗ്രഹത്താൽ ഏറെ കൃതാർഥതയോടെയാണ് ഈ പുസ്തകം പുറത്തിറക്കുന്നത്. സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ സാമൂഹ്യ സേവന സപര്യയിലെ അവിഭാജ്യ ഘടകങ്ങളിലൊന്നായ ഫത്‌വാ സമ്പ്രദായത്തെക്കുറിച്ചുള്ള ഈ പഠനത്തിന് പിന്നിൽ ഒരുപാട് പേരുടെ കലവറയില്ലാത്ത പിന്തുണയും പ്രോത്സാഹനവും ആണെന്ന് ഹൃദയപൂർവം സ്മരിക്കട്ടെ.

വിശിഷ്യാ, ഈ പഠനത്തിന് സർവാത്മനാ പിന്തുണ നൽകി പലവുരു അഭിമുഖങ്ങൾ അനുവദിച്ച മർഹൂം ശൈഖുനാ ചെറുശ്ശേരി സൈനുദ്ദീൻ മുസ്‌ലിയാർ (ന.മ), ഒന്നാം പതിപ്പിന് അവതാരിക എഴുതിയ അഭിവന്ദ്യ ഗുരു ഡോ. ബഹാഉദ്ദീൻ മുഹമ്മദ് നദ്‌വി, രണ്ടാം പതിപ്പിന് അവതാരിക തയ്യാറാക്കിയ ഡോ. മുഹമ്മദ് ഫരീദ്

അലി, മലേഷ്യയിലെ അധ്യാപകരായ ഡോ. മുഹമ്മദ് അമാനുല്ലാഹ്, ഡോ. മുഹമ്മദ് താഹിർ അൽ മീസാവി, എന്നിവരെ അത്യാദരവോടെ അനുസ്മരിക്കുന്നു.

മൊഴിമാറ്റത്തിനും എഡിറ്റിംഗിനുമായി പൂർണമായ ഉത്സാഹത്തോടെയും മനഃസാന്നിധ്യത്തോടെയും സഹകരിച്ച അധ്യാപകർ ഇ.ടി ഹുസൈൻ ഹുദവി, ജഅ്ഫർ ഹുദവി കൊളത്തൂർ, പ്രിയ സതീർഥ്യർ റശീദ് ഹുദവി ഏലംകുളം, കെ.കെ. മുഹമ്മദലി ഹുദവി വേങ്ങര, മുനീർ ഹുദവി പാലക്കൽ, കുഞ്ഞിമുഹമ്മദ് ഹുദവി പാണക്കാട്, അനസ് ഹുദവി കുറുക, ഇർഫാൻ ഹബീബ് ഹുദവി ദാറുൽഹുദായിലെ തിരക്കേറിയ വിദ്യാർഥി ജീവിതത്തിനിടയിൽ ഇതിന്റെ പൂർത്തീകരണത്തിനായി സമയം നീക്കിവെച്ച അനുജ സുഹൃത്തുക്കളായ മുഹ്സിൻ അൽ ഖർനി നീരുട്ടിക്കൽ, ഇസ്ഹാഖ് വളവന്നൂർ, ശബീബ് മമ്പാട്, മുഹമ്മദ് മുണ്ടംപറമ്പ് എന്നിവരോടുള്ള നന്ദിയും കടപ്പാടും പ്രത്യേകം ഇവിടെ ഓർക്കുന്നു.

ഈ ഗ്രന്ഥരചനയുടെ ഓരോ ഘട്ടത്തിലും സ്നേഹവും പ്രോത്സാഹനവും നൽകി കൂടെ നിന്ന മാതാപിതാക്കൾ, പത്നി സയ്യിദത് ആതികാ, സഹോദരങ്ങൾ സയ്യിദ് മഅ്ശൂഖ് ഹുദവി, ഹാഫിള് മശ്ഹൂർ ഹുദവി, സഹോദരി സയ്യിദത് ഫാതിമ മഹ്മൂദ എന്നിവർക്കും ഹൃദയത്തിൽ നിന്ന് നന്ദി പറയുന്നു. കൂടാതെ ഇതിന്റെ കൂടെ നടന്ന എല്ലാവർക്കും നന്ദി. നാഥൻ സ്വീകരിക്കട്ടെ.

ഡോ. സയ്യിദ് മുഹമ്മദ് മുഹ്സിൻ ഹുദവി കുറുമ്പത്തൂർ

# അവതാരിക

(രണ്ടാം പതിപ്പ്)

ഖുർആൻ മനുഷ്യകുലത്തിന് അവതരിപ്പിക്കുകയും, അത് വിശദീകരിക്കാൻ ജ്ഞാനികളെ പ്രാപ്തരാക്കുകയും ചെയ്ത സർവശക്തനായ അല്ലാഹുവിനാണ് സർവ സ്തുതിയും. മുഹമ്മദ് നബി(സ്വ)യുടെ മേലിലും അവിടത്തെ മാതൃകയെ പിന്തുടർന്ന സ്വഹാബിമാർ, താബിഉകൾ, ഇസ്‌ലാമിന്റെ തത്ത്വങ്ങളെ കാലാകാലങ്ങളായി പ്രചരിപ്പിക്കാൻ ഉദ്യമിച്ച സർവരുടെ പേരിലും സർവശക്തൻ അനുഗ്രഹവും ശാന്തിയും ചൊരിയട്ടേ, ആമീൻ.

ഇസ്‌ലാമിക വിജ്ഞാനീയങ്ങളിൽ ഏറ്റവും ഉന്നതമാണ് ഫിഖ്ഹ്. ഫിഖ്ഹിലൂടെയാണ് അല്ലാഹുവിന്റെ വിധിവിലക്കുകൾ കൃത്യമായി മനസ്സിലാക്കാനാവുന്നത്. ദൈനംദിന ജീവിതത്തിൽ മനുഷ്യൻ കടന്നുപോകേണ്ട സകല ജീവിത വ്യവഹാരങ്ങളിലും ഫിഖ്ഹ് നിർണായകമായ പങ്ക് വഹിക്കുന്നുണ്ട്. ‘ആർക്കെങ്കിലും അല്ലാഹു നന്മ ചൊരിയാൻ ഉദ്ദേശിച്ചാൽ അവരെ മതത്തിൽ അഗാധജ്ഞാനമുള്ളവരാക്കും’ എന്ന പ്രവാചകവചനം ഫിഖ്ഹിലേക്ക് സൂചിപ്പിക്കുന്നുണ്ട്.

## ഫിഖ്ഹ് എന്ന പദം

ഫിഖ്ഹ് എന്ന പദത്തിന്റെ നിർവചനം ഇനിയും കാര്യമായി വികസിക്കാനുണ്ട്. നാല് വ്യത്യസ്തമായ നിർവചനങ്ങൾ ഫിഖ്ഹിന് നൽകാവുന്നതാണ്. സാങ്കേതികമായും നിദാനശാസ്ത്രപരമായും രണ്ട് വ്യത്യസ്ത നിർവചനങ്ങളാണ് ഫിഖ്ഹിനുള്ളത്. മുഫ്തിമാരുടെയും സൂഫികളുടെയും വീക്ഷണങ്ങളിൽ നോക്കുമ്പോൾ വേറെ രണ്ട് നിർവചനവും ലഭിക്കും.

ഭാഷാപരമായി ഫിഖ്ഹ് എന്നാൽ അറിവ് എന്നാണർഥം. സാങ്കേതികമായി പറഞ്ഞാൽ, മനുഷ്യന്റെ കർമങ്ങളുമായി ബന്ധപ്പെട്ട(ശരീഅത്തിന്റെ) നിയമങ്ങൾ ഖുർആൻ, സുന്നത്ത്, ഇജ്മാഅ്, ഖിയാസ് എന്നീ സ്രോതസ്സുകളിൽനിന്ന് മനസ്സിലാക്കിയെടുക്കാനുള്ള ശാസ്ത്രമാണ് ഫിഖ്ഹ്. ഇമാം ശാഫിഈ(റ) നിർദേശിച്ച ഈ നിർവചനം നൂറ്റാണ്ടുകളായി കർമശാസ്ത്രജ്ഞാനികളും നിദാനശാസ്ത്ര വിശാരദന്മാരും(ഉസൂൽ പണ്ഡിതർ) അംഗീകരിച്ചു വരുന്നു. ഇമാം അബൂഹനീഫ(റ)യുടെ വിപുലമായ വിശദീകരണത്തെ ചുരുക്കിയെടുത്തതാണ് പ്രസ്തുത നിർവചനം. എന്നാൽ, ഫിഖ്ഹ് ജ്ഞാനികൾക്കിടയിൽ ഫിഖ്ഹ് എന്ന പദത്തിന് കർമശാസ്ത്രപരമായ സമസ്യകൾ ഹൃദിസ്ഥമാക്കുക എന്ന അർഥത്തിലാണ് വ്യവഹരിക്കപ്പെടുന്നത്. സമസ്യകൾ ഹൃദിസ്ഥമാക്കുക എന്നതിലുപരിയായി ഫിഖ്ഹിനെ ജീവിതത്തിൽ പ്രയോഗിക്കുകയും അത് ജീവിതത്തിന്റെ നൈസർഗിക ഭാവമാക്കിമാറ്റുകയുമാണ് ഫിഖ്ഹിന്റെ അർഥം എന്ന് ഇബ്നു ആബിദീൻ നിരീക്ഷിക്കുന്നുണ്ട്. ഹനഫീ ധാരയിലെ പ്രമുഖ ജ്ഞാനിയായ അബൂയൂസുഫിന്റെ 'എനിക്ക് കടുത്ത രോഗം ബാധിക്കുകയും ഫിഖ്ഹ് അല്ലാത്ത എല്ലാ ശാസ്ത്രങ്ങളും ഞാൻ മറന്നുപോവുകയും ചെയ്തു, കാരണം ഫിഖ്ഹ് എന്റെ നൈസർഗിക പ്രകൃതമാണ്' എന്ന പ്രസ്താവന ഈ അഭിപ്രായത്തെ പിന്തുണക്കുന്നുണ്ട്. ഈ നൈസർഗിക ഭാവം മനുഷ്യനെ ദൈവത്തോട് കൂടുതൽ അടുപ്പിക്കുകയും ഇഹലോകത്ത് അവനെ ഒരു പരിത്യാഗിയായി പരിവർത്തിപ്പിക്കുകയും, ജനങ്ങളുടെ സമ്പത്തിലോ അഭിമാനത്തിലോ കണ്ണുവക്കാതെ അവരുടെ ഗുണകാംക്ഷക്കുവേണ്ടി സദാ നിലകൊള്ളുന്ന തരത്തിലേക്ക് മാറ്റിപ്പണിയുകയും ചെയ്യുന്നു. ഇങ്ങനെ മനുഷ്യജീവിതത്തെ മാറ്റിപ്പണിയുന്ന ഉപാധിയായിട്ടാണ് സൂഫികൾ ഫിഖ്ഹിനെ ആവിഷ്കരിക്കുന്നത്.

*lam in India.* New Delhi: Aakar Books.

27. Mallat, Chibli. (1993). *The Renewal of Islamic Law.* Cambridge: Cambridge University Press.

28. Marin, Manuela. (1990). "Law and Piety: A Cordovan Fatwa". *British Society for Middle Eastern Studies Bulletin,* 17, 129-136.

29. Masud, M. Khalid. (1969). *Trends in the Interpretation of Islamic as Reflected in the Fatawa Literature of the Deoband School: a Study of the Attitude of the 'Ulama' of Deoband toward Certain Social Problems and Inventions.* M.A. Thesis, Institute of Islamic Studies, McGill University.

30. Masud, M. Khalid. (1977). *Islamic Legal Philosophy: A Study of Abu Ishaq al-Shatibi's Life and Thought.* 1995. Rev. ed. Shatibi's Philosophy of Islamic Law. Islamabad: Islamic Research Institute.

31. Masud, M. Khalid. (1984). "Adab al-Mufti: The Muslim Understanding of Values, Characteristics and Role of a Mufti", in Barbara Daly Metcalf (ed.), *Moral Conduct and Authority: The Place of Adab in South Asian Islam.* Berkeley University.

32. Masud, Muhammad Khalid. Messick, Brinkley & Powers, David S. (eds.). (1996). *Islamic Legal Interpretation: Muftis and Their Fatwas.* Cambridge: Harvard University Press, (1996), 4.

33. Mattar, Philip. (1987). *The Mufti of Jerusalem.* New York: Garland Press.

34. Mohammed U. (2007). *Educational Empowerment of Kerala Muslims: A Socio-Historical Perspective.* Calicut: Other Books.

35. Nasr, Sayyed Hossein. (1987). *Traditional Islam in the Modern World.* London: K.P.I.

36. Al-Nawawi, Abu Zakariyya Yahya b. Sharaf, Muhyi al-Dini. (1914). *Minhajet Talibin: A manual of Muhammadan Law according to the School of Shafi'i.* Trans. From French by E. C. Howard. Lahore: Law publishing Co. (reprt. 1977).

37. Noor Naemah Abdul Rahman. (2012). "A Study on Students' Research Related to Fatwa Submitted at Malaysian Public Universities", in *International Journal of Humanities and Social Science,* 2(18), 129-138.

38. Randathani, Husain. (2007). *Mappila Muslims: A Study on Society and Anti-Colonial Struggles.* Calicut: Other Books.

39. Schacht, J. (1979). *The Origins of Muhammadan Jurisprudence.* Oxford: University Press.

40. Sikand, Yoginder. "Madrasas and Arabic Colleges in Contemporary Kerala". http://samaj.revues.org /216. Retrieved January 9, 2013.

41. Tritton, A. S. (1957). *Materials on Muslim Education in the Middle Ages.* London: Luzac & Co. Ltd.

42. Weiss, B. G. (1998). *The Spirit of Islamic Law.* Athens: University of Georgia Press.

43. Yoginder Sikand, "'Traditional' Ulema And 'Modern' Islamic Education in Kerala", Countercurrents.org, 2009. http://www.countercurrents.org/sikand190309.htm. Retrieved December 15, 2014.